**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **13-02-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം ധനസഹായ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസ കിരണം പദ്ധതിയിൽ നിന്നുള്ള ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ തുക മുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റുവിഹിതമായി 37.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് അർഹരായ 27962 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി വയനാട്, കാസർഗോഡ് എന്നി ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കു ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ രണ്ടുമാസത്തെ ധനസഹായവും, അങ്ങനെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു |
| (സി) | ആശ്വാസ കിരണം പദ്ധതിയിൽ നിന്നും അവസാനമായി ധനസഹായ വിതരണം നടത്തിയത് എപ്പോഴാണെന്ന് വിശദമാക്കുമോ; | (സി) | 2024-25 സാമ്പത്തിക വർഷം ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611 രൂപ 27962 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ചെലവഴിച്ച് 2025 ഫെബ്രുവരി മാസത്തിൽ **28030** ഗുണഭോക്താക്കൾക്ക് ആകെ **9,95,56,470/-** രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ആശ്വാസ കിരണം പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ | (ഡി) | 2018 മാർച്ച് 31 വരെ അപേക്ഷ സമർപ്പിച്ചവരിൽ വർഷം തോറും ലൈഫ് സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | പരിഗണിക്കാനുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | ലഭ്യമാക്കുന്നവർക്ക് എല്ലാ വർഷവും ധനസഹായം അനുവദിച്ചുവരുന്നു. 2018 ഏപ്രിൽ മുതൽ 2024 നവംബർ വരെ ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം **അനുബന്ധം II** ആയി ചേർക്കുന്നു |
| (ഇ) | പ്രസ്തുത പദ്ധതി നിർത്തലാക്കുന്ന കാര്യം സർക്കാർ ആലോചനയിലുണ്ടോ; | (ഇ) | ഇല്ല |
| (എഫ്) | 2018 മുതൽ ധനസഹായത്തിനായി അപേക്ഷിച്ചവരുടെ അപേക്ഷയിൻമേൽ എന്തു കൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്നും കുടിശ്ശികയായ ധനസഹായ വിതരണം എപ്പോൾ നടത്തുമെന്നും വിശദമാക്കുമോ? | (എഫ്) | 11.10.2012 തീയതിയിലെ സ.ഉ.(എം.എസ്)നം.60/2012/സാക്ഷേവ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരേയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ,2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമേ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 3581 | 1,12,75,200 |
| 2 | കൊല്ലം | 1527 | 47,66,400 |
| 3 | പത്തനംതിട്ട | 581 | 19,63,200 |
| 4 | ആലപ്പുഴ | 1722 | 60,58,800 |
| 5 | കോട്ടയം | 1219 | 33,200,10 |
| 6 | ഇടുക്കി | 353 | 10,92,600 |
| 7 | എറണാകുളം | 1915 | 68,59,200 |
| 8 | തൃശ്ശൂർ | 1906 | 68,01,600 |
| 9 | പാലക്കാട് | 2263 | 91,66,800 |
| 10 | മലപ്പുറം | 4488 | 1,75,64,400 |
| 11 | കോഴിക്കോട് | 4964 | 1,80,09,600 |
| 12 | വയനാട് | 348 | 11,10,600 |
| 13 | കണ്ണൂർ | 2550 | 97,70,460 |
| 14 | കാസർഗോഡ് | 613 | 17,97,600 |
|  | ആകെ | 28030 | 9,95,56,470 |

## അനുബന്ധം II

| ക്രമ നമ്പർ | ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10879 |
| 2 | കൊല്ലം | 6481 |
| 3 | പത്തനംതിട്ട | 1913 |
| 4 | ആലപ്പുഴ | 4982 |
| 5 | കോട്ടയം | 2920 |
| 6 | ഇടുക്കി | 1287 |
| 7 | എറണാകുളം | 4485 |
| 8 | തൃശ്ശൂർ | 6271 |
| 9 | പാലക്കാട് | 6390 |
| 10 | മലപ്പുറം | 8505 |
| 11 | കോഴിക്കോട് | 8360 |
| 12 | വയനാട് | 1259 |
| 13 | കണ്ണൂർ | 5376 |
| 14 | കാസർകോഡ് | 2125 |
| | ആകെ | 71233 |